**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2785** | **03-08-2021 - ൽ മറുപടിയ്ക്ക്**

**ഹോർട്ടിക്കോർപ്പ് അഴിമതിയിലെ വിജിലൻസ് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഹോർട്ടിക്കോർപ്പിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2011-16 കാലയളവിൽ ഹോർട്ടികോർപ്പിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് മൂന്ന് വിജിലൻസ് അന്വേഷണങ്ങൾ (വി.ഇ08/2016/എസ്.ഐ.യു-2, വി.ഇ.03/2018/ഇടുക്കി, വി.ഇ.01/2018/ കെ.എസ്.ഡി.) ഒരു മിന്നൽ പരിശോധന (എസ്.സി.35/2014/എസ്.ഐ.യു.1), രണ്ട് സത്വരാന്വേഷണങ്ങൾ (ക്യൂവി.04/2015/ എസ്.ഐ.യു.1, ക്യൂവി.21//എസ്.ഐ.യു.1) എന്നിവ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കർഷകർക്ക് ലഭിക്കേണ്ട സബ്സിഡി ഉദ്യോഗസ്ഥർ തട്ടിയെടുത്തതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഹോർട്ടിക്കോർപ്പിലെ അഴിമതി സംബന്ധിച്ച് നടക്കുന്ന വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശങ്ങൾ നൽകാമോ? | (സി) | ഹോർട്ടിക്കോർപ്പിലെ അഴിമതി സംബന്ധിച്ച് നടക്കുന്ന വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**<u>1. വി.ഇ 08/2016/എസ്.ഐ.യു-2</u>** 2011 മുതൽ 2015 കാലഘട്ടം വരെയുള്ള ഹോർട്ടികോർപ്പിന്റെ മാനേജിംഗ് ഡയറക്ടർമാരിൽ ദീഘകാലം മാനേജരുടെ ചുമതല വഹിച്ചിരുന്നത് ഡോ.പ്രതാപൻ.കെ ആണെന്നും ടിയാൻ 05.06.2013-ൽ 414/P/13/KSHPDC/566 പ്രകാരമുള്ള സർക്കുലറിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളാണ് പച്ചക്കറി സംഭരിക്കേണ്ടതെന്നും, ദിവസേനയുള്ള പച്ചക്കറികളുടെ ഗണനിലവാരം 11 മണിക്ക് മുമ്പ് ശേഖരിച്ച് അതാത് ദിവസത്തെ മാർക്കറ്റ് ഇന്റലിജൻസ് ബ്യൂറോയുടെ വിലയുമായി താരതമ്യം ചെയ്ത് ടി ബ്യൂറോയുടെ വിലയിൽ നിന്നും 15% കുറച്ചോ വിതരണക്കാർ നൽകുന്ന നിരക്കോ ഏതാണ് കുറവ് എന്നതിൽ ആയതിന് സപ്ലൈ ഓർഡർ നൽകേണ്ടതാണെന്നും, വിതരണം ചെയ്ത് 48 മണിക്കൂറിനുള്ളിൽ Goods Inward Note (GIN) എഴുതി പേമെന്റ് നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും 2012-15 കാലയളവിലെ പർച്ചേയ്സ് രജിസ്റ്റർ, GIN എന്നിവ റാണ്ടം പരിശോധന നടത്തിയതിൽ ദിവസങ്ങൾക്കും ആഴ്ചകൾക്കും ശേഷമാണ് പർച്ചേസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പച്ചക്കറികളുടെ GIN തയ്യാറാക്കിയിട്ടുള്ളതെന്നും, ആയതിൽ പർച്ചേസ് രജിസ്റ്റും GIN ഉം ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടില്ലെന്നും, ഓരോ ദിവസത്തേയും പച്ചക്കറികളുടെ മൊത്തവില നിലവാരം എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയിട്ടില്ലാത്ത തിനാൽ സംഭരണ സമയത്തുണ്ടായിരുന്ന വിലയിലാണോ ഹോർട്ടികോർപ്പ് സംഭരിച്ചിരുന്നതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല എന്നും പർച്ചേസ് നടത്തുവാനായി പർച്ചേസ് കമ്മറ്റി രൂപികരിക്കുകയോ ആയതിന് പ്രത്യേക നിർദ്ദേശങ്ങളോ ഇല്ലാ എന്നും, കൂടാതെ പച്ചക്കറി വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നും, കൃഷി ഭവനിൽ കർഷകരായി രജിസ്റ്റർ ചെയ്ത കർഷകർക്കു മാത്രമേ ഹോർട്ടികോർപ്പിൽ ടിയാൻമാരുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാവൂ എന്നിരിക്കേ ഇപ്രകാരം രജിസ്റ്റർ ചെയ്ത ചില കർഷകർ സ്വന്തം ഉൽപ്പന്നമെന്ന വ്യാജേന അന്യസംസ്ഥാനങ്ങളിൽ നിന്നും വിലകുറച്ചു വാങ്ങി കാർഷിക ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതായും, മാർക്കറ്റുകളിൽ വിൽപ്പന നടത്താൻ കഴിയാത്ത പഴകിയ പച്ചക്കറികളും മറ്റും ഹോർട്ടികോർപ്പിൽ വിൽക്കുന്നത് മൂലം ഹോർട്ടികോർപ്പിന് നഷ്ടം സംഭവിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.

2011-13 കാലയളവിൽ ചാലക്കമ്പോളത്തിലെ മൊത്ത വ്യാപാരികളിൽ നിന്നും തമിഴ്നാട്ടിലെ SM വിലാസ് വടശ്ശേരിയിൽ നിന്നും, 2013-15 കാലയളവിൽ തമിഴ് നാട്ടിലെ പാവുചത്രത്തുള്ള കാമരാജ് വെജിറ്റബിൾസ് ആൻഡ് ഫ്രൂട്ട്സ് എന്ന സ്ഥാപനത്തു നിന്നും പച്ചക്കറി സംഭരിച്ചിട്ടുള്ളതായും, എന്നാൽ ടി സമയത്തുള്ള പച്ചക്കറിയുടെ മൊത്ത വിലനിലവാരം ആധികാരികമായി ലഭിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള മൊത്ത വിലനിലവാരം അനുസരിച്ചാണോ ഹോർട്ടികോർപ്പ് പച്ചക്കറി സംഭരണം നടത്തിയതെന്ന് തെളിയിക്കാനായിട്ടില്ല. കൂടാതെ 2011-15 കാലഘട്ടത്തിലെ വിതരണവും സംഭരണവുമായി ബന്ധപ്പെട്ട ഫയലുകളൊന്നും തന്നെ നിലവിലില്ലാത്തതിനാൽ ടി കാലഘട്ടത്തിലെ അഴിമതിയെക്കുറിച്ച് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ലാ എന്നും എന്നാൽ ഡോ.കെ. പ്രതാപൻ, മാനേജിംഗ് ഡയറക്ടറായിരുന്ന കാലത്ത് പച്ചക്കറി സംഭരണത്തിനും വിതരണത്തിനുമായി സർക്കുലർപ്രകാരം നൽകിയ നിർദ്ദേശത്തിനും വിപരീതമായിട്ടാണ് ഹോർട്ടികോർപ്പിന്റെ ഹെഡ് ഓഫീസ് മുഖാന്തിരം സംഭരണം നടത്തിയതെന്നും കണ്ടെത്തി യിട്ടുണ്ട്.

ടി വിജിലൻസ് അന്വേഷണം പൂർത്തിയാക്കി താഴെ പറയുന്ന ശിപാർശകളോടെ 17-10-2019 -ന് സർക്കാരിലേക്ക് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 15.11.2019-ലെ വിജ്-സി2/774/2019-വിജ് കത്ത് പ്രകാരം കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

1. ഡോ.പ്രതാപൻ മാനേജിംഗ് ഡയറക്ടർ ആയിരുന്ന കാലയളവിൽ ടിയാൻ ഇറക്കിയ സർക്കുലറിന് വിരുദ്ധമായി ഹെഡ് ഓഫീസ് മുഖാന്തിരം പച്ചക്കറി സംഭരണം നടത്തിയതിന് ഡോ.പ്രതാപനോട് (Employees ID No.CRSD113793 Aadhar No.372970074098) വിശദീകരണം വാങ്ങി ആവശ്യമെങ്കിൽ വകുപ്പുതല നടപടി സ്വീകരിക്കാവുന്നതാണ്.

2. ഹോർട്ടികോർപ്പിലെ പഴം പച്ചക്കറി സംഭരണത്തിനും വിതരണത്തിലും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ/ഹോർട്ടികോർപ്പ് നൽകേണ്ടതാണ്.

3. കർഷകരിൽ നിന്നും ശേഖരിക്കുന്ന വിളകളുടെ വില കർഷകന്റെ ബാങ്ക് അക്കൗണ്ട് മുഖാന്തിരം നൽകേണ്ടതാണ്.

4. ഹോർട്ടികോർപ്പിന്റെ ജില്ലാ അടിസ്ഥാനത്തിൽ ഫിനാൻസ് മാനേജർ, ജില്ലാ മാനേജർ, പർച്ചേസ് മാനേജർ എന്നിവർ ഉൾപ്പെടുന്ന സെൻട്രലൈസ്ഡ് പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും അവർ അതാത് ദിവസത്തെ പച്ചക്കറികളുടെ മൊത്തവില നിലവാര സൂചിക ശേഖരിച്ച് ഭാവിയിൽ റഫർ ചെയ്യുന്നതിനു രജിസ്റ്ററിൽ ഓദ്യോഗികമായി സൂക്ഷിക്കേണ്ടതും ആയതിൻ പ്രകാരം പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിക്കേണ്ടതാണ്.

5. പർച്ചേസ് മാനേജർ, ഡിസ്ട്രിബ്യൂഷൻ മാനേജർ തുടങ്ങിയ എല്ലാ തസ്തികകളിലും സ്ഥിര നിയമനം ലഭിച്ച ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതും ടിയാന്മാരുടെ ചുമതലകൾ നിർവ്വഹിച്ച് നൽകേണ്ടതുമാണ്.

6. സംഭരിക്കുന്ന പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും യഥാർത്ഥ തൂക്കവും ഡാമേജ് നീക്കിയ തൂക്കവും പർച്ചേസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അന്നു തന്നെ GIN തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറെ ഏൽപ്പിക്കേണ്ടതും ആയത് ജില്ലാ മാനേജർ ഉറപ്പ് വരുത്തേണ്ടതുമാണ്.

7. ഓരോ ആഴ്ചയിലും നടത്തുന്ന സംഭരണവും വിതരണവും ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഹെഡ് ഓഫീസ് ടീം പരിശോധിക്കേണ്ടതും പച്ചക്കറിയുടെ മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്ത് ക്രമക്കേടുകൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതുമാണ്.

8. പച്ചക്കറികളുടെ ദിവസേനയുള്ള മൊത്തവില സൂചിക എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റിനോട് തയ്യാറാക്കിത്തരുവാൻ ഹോർട്ടികോർപ്പ് സർക്കാർ മുഖാന്തിരം ആവശ്യ പ്പെടേണ്ടതാണ്.

9. ഹോർട്ടികോർപ്പിലെ ഉത്തരവാദിത്വപ്പെട്ട എല്ലാ തസ്തികകളിലും ഹോർട്ടികോർപ്പിലെ സ്ഥിരം ജീവനക്കാരെയോ ഡെപ്യൂട്ടേഷൻ സ്റ്റാഫിനേയോ നിയമിക്കേണ്ടതും അവർക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വചിച്ച് രേഖാമൂലം നൽകേണ്ടതാണ്.

10. ഹോർട്ടികോർപ്പിന് പൂർണ്ണ ചുമതലയുള്ള മാനേജിംഗ് ഡയറക്ടറെ നിയമിക്കേണ്ടതാണ്.

11. ഹോർട്ടികോർപ്പിലെ സംഭരണവും വിതരണവുമായി ബന്ധപ്പെട്ട ഫയലുകൾ വ്യക്തമായി എഴുതി സൂക്ഷിക്കേണ്ടതും ടി ഫയലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാണേണ്ടതും മുതിർന്ന ഉദ്യോഗസ്ഥർ കണ്ട് വെരിഫൈ ചെയ്യേണ്ടതുമാണ്.

വിജിലൻസ് വകുപ്പിന്റെ ശിപാർശകളിൽ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**2. വി.ഇ.03/2018/ഇടുക്കി** - ഇടുക്കി വട്ടവടയിലെ ശീതകാല പച്ചക്കറി വിപണന കർഷക സംഘം (IDK/TC/137/12) കർഷകരിൽ നിന്നും പച്ചക്കറി വാങ്ങി ഹോർട്ടികോർപ്പ് വഴി വിപണനം നടത്തുന്നതിനായി 2013-ൽ 5 ലക്ഷം രൂപ പലിശരഹിത വായ്പയായി വാങ്ങിയിരുന്നുവെന്നും ആ പണം ഉപയോഗിച്ച് കർഷകരിൽ നിന്നും കുറഞ്ഞ വിലക്ക് പച്ചക്കറികൾ വാങ്ങി, കൂടിയ വിലക്ക് ഹോർട്ടികോർപ്പിന് കൊടുത്തും വട്ടവടയിൽ ഉൽപ്പാദനമില്ലാത്ത സമയത്ത് തമിഴ് നാട്ടിൽ നിന്നും വാങ്ങി കോവിലൂരിലെത്തിച്ച് വട്ടവടയിലെ പച്ചക്കറി എന്ന് പറഞ്ഞ് വിപണനം നടത്തിയും സംഘം പ്രസിഡന്റും സംഘത്തിലെ അംഗങ്ങളും ഹോർട്ടികോർപ്പിന്റെ ജീവനക്കാരനും വൻ ലാഭമുണ്ടാക്കി അഴിമതി നടത്തി എന്നതായിരുന്നു അന്വേഷണ വിധേയമായ ആരോപണം. വിജിലൻസ് അന്വേഷണത്തിൽ ആരോപണം അടിസ്ഥാന രഹിതമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ടി വിജിലൻസ് അന്വേഷണം പൂർത്തിയാക്കി താഴെ പറയുന്ന ശിപാർശകളോടെ 04.06.2019-ന് സർക്കാരിലേക്ക് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 10.07.2019-ലെ വിജ്-ബി2/536/2017-വിജ് കത്ത് പ്രകാരം കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

1. വട്ടവടയിലുള്ള ശീതകാല പച്ചക്കറി വിപണന കർഷക സംഘം ഇപ്പോൾ കർഷകരിൽ നിന്നും പച്ചക്കറികൾ വാങ്ങി നൽകുന്നില്ലാത്തതിനാൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നിന്നും നൽകിയിരുന്ന റിവോൾവിംഗ് ഫണ്ട് 5,00,000/- രൂപയും സീഡുമണിയായി നൽകിയിരുന്ന 1,00,000/- രൂപയും സംഘത്തിന്റെ അക്കൗണ്ടിൽ നിന്നും SHM-ൽ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ SHM ഡയറക്ടർ മുഖേന സ്വീകരിക്കാവുന്നതാണ്.

2, ഹോർട്ടികോർപ്പിന്റെ എല്ലാ ഡി.പി.സികളിലും ഹെഡ് ഓഫീസിലും പച്ചക്കറികൾ വാങ്ങുന്നതിന്റെയും സംഘങ്ങൾക്ക് ആയതിന്റെ വില നൽകുന്നതിന്റെയും കൃത്യമായ രേഖകൾ എഴുതി സൂക്ഷിക്കുന്നതിന് ഹോർട്ടികോർപ്പ് എം.ഡിക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.

വിജിലൻസ് ശിപാർശകളിൽ നടപടി സ്വീകരിക്കാൻ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർക്കും SHM മാനേജിംഗ് ഡയറക്ടർക്കും നിർദേശം നൽകിയിട്ടുണ്ട്.

**3. വി.ഇ.01/2018/കെ.എസ്.ഡി**. - 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കാസർഗോഡ് ജില്ലയിൽ നടപ്പാക്കിയ വാഴ കൃഷി വികസന പദ്ധതി പ്രകാരം വിതരണം ചെയ്ത ടിഷ്യൂ കൾച്ചർ നേന്ത്ര വാഴ തൈകൾക്ക് പകരം കർഷകർക്ക് റോബസ്റ്റ ഇനത്തിൽപ്പെട്ട ജി-9 തൈകളാണ് ലഭിച്ചതെന്നും ആയത് കൃഷിചെയ്ത വകയിൽ കർഷകർക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചുവെന്നും ടെണ്ടർ നടപടികൾ പാലിക്കാതെ നടത്തിയ പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക നഷ്ടവും കർഷകർക്കും കാർഷിക മേഖലക്കും ഉല്പാദന നഷ്ടവും ഉണ്ടായി എന്നതുമായിരുന്നു ആരോപണ വിഷയം. വിജിലൻസ് അന്വേഷണം നടത്തിയതിൽ ഓദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിക്കുകയും കർഷകർക്ക് ധനനഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന ഡോ.കെ. പ്രതാപൻ, റീജിയണൽ മാനേജർ പ്രോജക്റ്റ്സ് ശ്രീ. പി.ബാലചന്ദ്രൻ, ടെക്നിക്കൽ ഓഫീസർ ശ്രീമതി. ഷൈലജ എന്നിവർക്കെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കാനും പ്രസ്തുത നഷ്ടം ടി വ്യക്തികളിൽ നിന്നും ഈടാക്കാനും സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ട്. ടിഷ്യൂകൾച്ചർ വാഴതൈ വിതരണത്തിൽ നിരുത്തരവാദപരമായ സമീപനം സ്വീകരിച്ച കിളിമാനൂരിലെ തറട്ടയിൽ നഴ്സറി എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും ടി സ്ഥാപന ഉടമക്കെതിരെ ഉചിതമായ നിയമ നടപടി കൈക്കൊള്ളുന്നതിനും വേണ്ട നടപടി സ്വീകരിക്കാനും ശിപാർശ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയ ഈ കാലയളവിലെ കാസർഗോഡ് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) ശ്രീ. തിരുമലേശ്വര ഭട്ട് സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ ടിയാനെതിരെ കേരള സർവ്വീസ് റൂൾ പാർട്ട്-3 റൂൾ-59 ഉപവകുപ്പ് പ്രകാരം നടപടി എടുക്കാനും ശിപാർശ ചെയ്തിട്ടുണ്ട്. 03.02.2020 തീയതിയിലെ വിജ്-വി2/593/2017-വിജ്, കത്ത് പ്രകാരം തുടർ നടപടികൾക്കായി അന്വേഷണ റിപ്പോർട്ട് കൃഷി വകപ്പിൽ ലഭിച്ചിട്ടുണ്ട്.

വിജിലൻസ് ശിപാർശകളിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർക്കും കൃഷി ഡയറക്ടർക്കും നിർദേശം നൽകിയിട്ടുണ്ട്.

**4. എസ്.സി.35/2014/എസ്.ഐ.യു.1** - ഹോർട്ടികോർപ്പ് തിരുവനന്തപുരം ജില്ലയിലെ പട്ടം ജില്ലാ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പണികഴിപ്പിച്ച വിൽപ്പനശാലയുടെ നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഒരു മിന്നൽ പരിശോധന നടത്തിയിരുന്നു. ഹോർട്ടികോർപ്പിൽ സംഭവിച്ച നഷ്ടത്തിന് ഹോർട്ടികോർപ്പിന്റെ മാനേജിംഗ് ഡയറക്ടർ ചാർജ്ജ് വഹിച്ചിരുന്ന ഡോ. പ്രതാപനെതിരെ ഉചിതമായ നടപടി സ്വീകരിക്കാനും മേൽപ്പടി കെടിടനിർമ്മാണം നടത്തിയ M/s Green Thoughts Designs and Structures, Vazhuthacadu, Thiruvananthapuram എന്ന കമ്പനിയിൽ നിന്ന് അധിക തുകയായ 96,489/- രൂപ തിരിച്ചുപിടിക്കാനും ശിപാർശ ചെയ്തുകൊണ്ട് 01/10/2015 - ൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് 28-10-2015-ൽ കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

വിജിലൻസ് വകുപ്പിന്റെ ശിപാർശപ്രകാരം ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ ആയിരുന്ന ഡോ. പ്രതാപനിൽ നിന്നും വിശദീകരണം ലഭ്യമാക്കുകയും അധിക തുക തിരിച്ച് പിടിക്കുന്നതിനുള്ള നിയമ നടപടി സ്വീകരിക്കുവാൻ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**ക്യൂ.വി.04/2015/എസ്.ഐ.യു.1** - ഹോർട്ടികോർപ്പിന്റെ ചെയർമാൻ ശ്രീ. ലാൽ കൽപ്പകവാടിയും ഹോർട്ടികോർപ്പ് എംപ്ലോയിസ് (INTUC) പ്രസിഡണ്ടായിരുന്ന ശ്രീ. കെ.എസ്. അനിലും ഇവരോട് അടുപ്പമുള്ള ആൾക്കാരെ ഹോർട്ടികോർപ്പ് അസിസ്റ്റന്റ് മാനേജരായിട്ടും മറ്റ് തസ്തികകളിൽ അടിസ്ഥാന യോഗ്യതയില്ലാത്തവരെ നിയമിക്കുകയും പച്ചക്കറി വിതരണക്കാരിൽ നിന്നും മാസപ്പടി കൈപ്പറ്റുകയും, ശ്രീ. കെ.എസ്. അനിൽ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നുവെന്നും തുടങ്ങിയ പരാതിയിന്മേൽ ഒരു സത്വരാന്വേഷണം നടത്തിയിരുന്നു. പ്രസ്തുത അന്വേഷണം പൂർത്തിയാക്കി ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ ഡോ. പ്രതാപനെതിരെ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്തുകൊണ്ടും മറ്റ് ശിപാർശകളോടും കൂടി 25/01/2016 തീയതിയിൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയത് 17/02/2016 തീയതിയിലെ സർക്കാർ കത്ത് നമ്പർ1318/ബി2/16/വിജി പ്രകാരം കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

വിജിലൻസ് വകുപ്പിന്റെ ശിപാർശകളിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ക്യൂവി.21/2014/എസ്.ഐ.യു.1** - ഹോർട്ടികോർപ്പിൽ നടന്ന നിയമനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ചും ഹോർട്ടികൾച്ചറൽ ഉൽപ്പന്നങ്ങളുടെ സംഭരണം സംബന്ധിച്ച ക്രമക്കേടുകളെപ്പറ്റിയും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഒരു സത്വരാന്വേഷണം നടത്തിയിരുന്നു. പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥരായ ശ്രീ.ജി.രാജീവ്, അണ്ടർ സെക്രട്ടറി, ശ്രീ. ജോർജ്ജ് സാമുവൽ, ജോയിന്റ് സെക്രട്ടറി, ശ്രീ.പി.കെ.ഷാജു, അണ്ടർ സെക്രട്ടറി, ശ്രീ.ആർ.രാജഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി എന്നിവർക്കെതിരെ ഉചിതമായ നടപടിക്കും ശ്രീ. മുഹമ്മദ് അനസ്, അസിസ്റ്റന്റ് മാനേജർ ഇൻ ചാർജ്ജ് സ്റ്റേറ്റ് ഹോർട്ടികോർപ്പ് കോർപ്പറേഷൻ, എറണാകുളം, ശ്രീമതി. ആർ. മാലിനി, KSHPDC, പൂജപ്പുര, തിരുവനന്തപുരം എന്നിവർക്കെതിരെ വകുപ്പുതല നടപടിക്കും ശിപാർശ ചെയ്തുകൊണ്ട് 20/02/2017 തീയതിയിൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 27/04/2017 തീയതിയിലെ 2638/ബി2/7/വിജി സർക്കാർ കത്ത് പ്രകാരം തുടർ നടപടികൾക്കായി റിപ്പോർട്ട് കൃഷി വകപ്പിൽ ലഭിച്ചിട്ടുണ്ട്.

വിജിലൻസ് വകുപ്പിന്റെ ശിപാർശകളിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എം.ഡി ഹോർട്ടികോർപ്പ്, കൃഷി ഡയറക്ടർ, പൊതുഭരണ വകുപ്പ് എന്നിവരോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**

****